# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **5248** — 27-06-2019 ൽ മറുപടിയ്ക്ക്

## സാഗർമാല പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. രാജഗോപാലൻ :<br>ശ്രീ. എൻ. വിജയൻ പിള്ള :<br>ശ്രീ. വി. ജോയി :<br>ശ്രീ. വി. കെ.സി.മമ്മത് കോയ: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി കണ്ണൂർ അഴീക്കൽ തുറമുഖം അന്താരാഷ്ട്ര നിലവാരത്തി-ലുള്ള തുറമുഖമാക്കി മാറ്റുന്നതിന് ബഹു. മുഖ്യമന്ത്രി ചെയർമാനായും ബഹു. തുറമുഖ വകുപ്പ് മന്ത്രി വൈസ് ചെയർമാനായും അഴീക്കൽ പോർട്ട്സ് ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സാങ്കേതിക സാദ്ധ്യതാപഠനം, വിശദമായ പദ്ധതിരേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. പഠനം അന്തിമഘട്ടത്തിലാണ്. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 74 മീറ്റർ വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിന് കിറ്റ്കോ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേക്കാവശ്യമായ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് ടഗ്ഗുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ് / റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) / ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ഇൻഡ്യൻ പോർട്ട് റെയിൽ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ ലിമിറ്റഡ് (ഐ.പി.ആർ.സി.എൽ) - നെ ചുമതലപ്പെടുത്തി നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ കേരളാ മാരിടൈം ബോർഡ് രൂപീകരിച്ച് വികസനപദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (ബി) | നിലവിൽ ഏതെല്ലാം ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | കൊല്ലത്തെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. |
| (സി) | വിവിധ തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വികസനം കാര്യക്ഷമമാക്കുന്നതിന് സാഗർമാല എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; | (സി) | തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയാണ് കേന്ദ്രസർക്കാർ സാഗർമാല പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ബർത്ത്, ഡ്രഡ്ജിംഗ്, ബ്രേക്ക് വാട്ടർ, മോഡേണൈസേഷൻ തുടങ്ങിയ വ്യത്യസ്ത ഘടകങ്ങൾക്ക് സാഗർമാല പദ്ധതിവഴി കേന്ദ്രസർക്കാർ 50% സാമ്പത്തിക സഹായം നൽകിവരുന്നു. കൊല്ലത്തെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. |
| (ഡി) | എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ഡി) | അഴീക്കലിൽ പുതിയ തുറമുഖത്തിനും കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിലേക്കുള്ള റോഡ് വികസനത്തിനും വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേക്കുള്ള റെയിൽ വികസനത്തിനും സാഗർമാല പദ്ധതി പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയവയ്ക്കുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. പദ്ധതിരേഖ പൂർത്തിയാകുന്നതോടെ കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതിക്കുവേണ്ടി സമർപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**